TRIDA **Thiruvananthapuram Development Authority**
JAYAMANSION, VAZHUTHACAUD, SASTHAMANGALAM P.O.,
THIRUVANANTHAPURAM-695010.
PHONE: 2722748, 2722238, 2722171 FAX: 2726615.
E-mail: tridasecretary@gmail.com Website: www.tridatvm.org

നമ്പർ എ1/3697/05/ട്രിഡ 01/07/2010

# അറിയിപ്പ്

വിഷയം: വിവരാവകാശ നിയമം പ്രകാരമുള്ള അപേക്ഷകളിന്മേൽ ഈടാക്കുന്ന ഫീസ് സംബന്ധിച്ച്.

സൂചന: ട്രിഡാ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 31.05.2010 ലെ 12-ാം നമ്പർ തീരുമാനം.

വിവരാവകാശ നിയമ പ്രകാരം ട്രിഡയിൽ സമർപ്പിക്കപ്പെടുന്ന അപേക്ഷകളിൽ നിശ്ചിത അപേക്ഷ ഫീസായ 10/- രൂപ കോർട്ട് ഫീ സ്റ്റാമ്പായും, വകുപ്പ് 7 പ്രകാരം അടയ്ക്കേണ്ട ഫീസ് ഗവൺമെന്റ് ട്രഷറികളിലുമാണ് മിക്ക അപേക്ഷകരും അടച്ചു വരുന്നത്. അപേക്ഷകർക്ക് ആവശ്യമായ വിവരങ്ങൾ അയച്ചു കൊടുക്കുന്നതിനുള്ള തപാൽ ചെലവ് ട്രിഡാ ഫണ്ടിൽ നിന്നു തന്നെയാണ് വഹിക്കുന്നത്. ഒരു സ്വയംഭരണ സ്ഥാപനമായ ട്രിഡയ്ക്ക് ഇതുമൂലമുണ്ടാകുന്ന സാമ്പത്തിക നഷ്ടം പരിഹരിക്കുന്നതിലേയ്ക്കായി 31.05.2010 ൽ കൂടിയ ട്രിഡാ എക്സിക്യൂട്ടീവ് കമ്മിറ്റി താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തിട്ടുള്ള വിവരം അറിയിക്കുന്നു.

1) വിവരാവകാശ നിയമ പ്രകാരം ട്രിഡായിൽ അപേക്ഷ സമർപ്പിക്കുന്നവർ നിശ്ചിത അപേക്ഷ ഫീസായ 10/- രൂപ പണമായോ/ട്രിഡ സെക്രട്ടറിയുടെ പേരിൽ തിരുവനന്തുപരം വികാസ് ഭവൻ എസ്.ബി.റ്റി ബ്രാഞ്ചിൽ മാറ്റാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി അടയ്ക്കേണ്ടതാണ്.
2) ആവശ്യപ്പെടുന്ന വിവരങ്ങൾ നൽകുന്നതിന് നിയമാനുസൃതം അടയ്ക്കേണ്ട ഫീസ് വകുപ്പ് 7 പ്രകാരം പണമായി ട്രിഡാ ക്യാഷ് കൗണ്ടറിലോ അലെങ്കിൽ ട്രിഡാ സെക്രട്ടറിയുടെ പേരിൽ തിരുവനന്തപുരം എസ്.ബി.റ്റി വികാസ് ഭവൻ ബ്രാഞ്ചിൽ മാറ്റാവുന്ന ഡി.ഡി ആയോ അടയ്ക്കേണ്ടതാണ്.
3) ആവശ്യമായ വിവരങ്ങൾ തപാലിൽ ലഭിക്കേണ്ട അപേക്ഷകർ അതിലേയ്ക്കാവശ്യമായ തപാൽ ചെലവ് (രജിസ്റ്റേർഡ് പോസ്റ്റ്/സ്പീഡ് പോസ്റ്റ് ചാർജ്ജ്) കൂടി അടയ്ക്കേണ്ടതാണ്.

മുകളിൽ ചേർത്ത തീരുമാനങ്ങൾക്ക് മേൽ തീയതി മുതൽ പ്രാബല്യമുണ്ടായിരിക്കും.

സെക്രട്ടറി

പകർപ്പ് :- 1) ഓഫീസ് നോട്ടീസ് ബോർഡിലേയ്ക്ക്
2) ട്രിഡാ ഷോപ്പിംഗ് കോംപ്ലക്സുകളിലെ നോട്ടീസ് ബോർഡിലേയ്ക്ക്.

Nj/-